**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5503** **24-03-2025 - ൽ മറുപടിയ്ക്ക്**

**മണോളിക്കാവ് ക്ഷേത്രോത്സവവുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയിൽ ഇല്ലത്ത് താഴെ മണോളിക്കാവ് ക്ഷേത്ര ഉത്സവത്തിനിടെയുണ്ടായ സംഘർഷത്തിന്റെ ഭാഗമായി പൊലീസിന്റെ കൃത്യനിർവ്വഹണം തടസപ്പെടുത്തുകയും ഇവരെ ഭീഷണിപ്പെടുത്തുകയും ചെയ്ത ഭരണപക്ഷ പാർട്ടി പ്രവർത്തകർക്കെതിരെ പോലീസ് കേസ് എടുത്തിരുന്നോ; | (എ) | പ്രസ്തുത സംഘർഷവുമായി ബന്ധപ്പെട്ട് തലശ്ശേരി പോലീസ് സ്റ്റേഷനിൽ 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഭവത്തിൽ കേസെടുത്ത പൊലീസ് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പ്രസ്തുത സംഭവത്തിൽ കേസെടുത്തതിന്റെ പേരിൽ പോലീസ് ഉദ്യോഗസ്ഥരെ ആരെയും സ്ഥലം മാറ്റിയിട്ടില്ല. |
| (സി) | തങ്ങളുടെ കൃത്യനിർവ്വഹണം ഭംഗിയായി നിർവഹിച്ച പൊലീസുകാരെ സ്ഥലം മാറ്റുന്നത് സമൂഹത്തിന് തെറ്റായ സന്ദേശം നൽകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉത്തരം (B) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ